**കേരള സർക്കാർ**

## ധനകാര്യ (വ്യയം-സി) വകുപ്പ്

## സർക്കുലർ

**നം.94/2018/ധന** **തീയതി, തിരുവനന്തപുരം,15.10.2018**

വിഷയം: ഗസറ്റഡ് ഓഫീസർമാരുടെ വ്യോമയാത്ര — യാത്രാബത്ത ബില്ലുകളുടെ അനുമതി - കൂടുതൽ വ്യക്തത വരുത്തി നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന: സർക്കുലർ നം. 57/2012/ധന, തീയതി 03.10.2012.

പരാമർശം (1) പ്രകാരം വ്യോമമാർഗ്ഗം ഔദ്യോഗിക യാത്രചെയ്യുന്ന ഉദ്യോഗസ്ഥന് യാത്രാബത്ത ബില്ല് സമർപ്പിക്കുമ്പോൾ ബോർഡിംഗ് പാസിന്റെയോ വിമാനയാത്രചിലവ് കാണിക്കുന്ന ടിക്കറ്റ് ജക്കറ്റിന്റെയോ പകർപ്പ് ഹാജരാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി തുടർച്ചയായി വിമാനയാത്ര നടത്തുന്ന ജീവനക്കാർക്ക് ബോർഡിംഗ് പാസുകൾ സൂക്ഷിക്കാൻ സാധിക്കാതെ ബുദ്ധിമുട്ട് നേരിടുന്നതായും ബോർഡിംഗ് പാസ്സ് നഷ്ടപ്പെട്ടാൽ യാത്രാബത്ത ബില്ല് മാറിക്കിട്ടാതെ വരുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

ഔദ്യോഗിക ആവശ്യത്തിനായി സർക്കാർ ഉദ്യോഗസ്ഥർ വിമാനമാർഗ്ഗം യാത്രചെയ്യുന്നതിനായി ODEPC വഴി വിമാന ടിക്കറ്റ് എടുക്കുന്ന സാഹചര്യങ്ങളിൽ യാത്രാബത്താബില്ലിനോടൊപ്പം ബോർഡിംഗ് പാസ്സ് ഉള്ളടക്കം ചെയ്യേണ്ടതില്ല. ODEPC വഴി അല്ലാതെ ടിക്കറ്റ് എടുക്കുന്ന സന്ദർഭങ്ങളിൽ ഉദ്യോഗസ്ഥൻ ബോർഡിംഗ് പാസ്സ് യാത്രാബത്ത ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ബോർഡിംഗ് പാസ്സ് നഷ്ടപ്പെടുകയാണെങ്കിൽ, യഥാർത്ഥത്തിൽ യാത്രചെയ്തു എന്നും ബോർഡിംഗ് പാസ്സ് നഷ്ടപ്പെട്ടു എന്നും വകുപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സാക്ഷ്യപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ യാത്രാബത്ത ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

മേൽ നിർദ്ദേശം വിമാനമാർഗ്ഗം ഔദ്യോഗിക യാത്ര നടത്തുന്ന എല്ലാ ജീവനക്കാരും കർശനമായും പാലിക്കേണ്ടതാണ്.

**മനോജ് ജോഷി**
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള. തിരുവനന്തപുരം
4. എല്ലാ വകുപ്പ തലവന്മാർക്കും, ഓഫീസുകൾക്കും
5. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

6. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
7. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (കവറിംങ് ലറ്റർ സഹിതം)
8. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (കവറിംങ് ലറ്റർ സഹിതം)
9. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (കവറിംങ് ലറ്റർ സഹിതം)
10. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/ശ്രീ. ശങ്കരാചാര്യ/മഹാത്മാഗാന്ധി സർവകലാശാലകൾ (കവറിംങ് ലറ്റർ സഹിതം)
11. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ (കവറിംങ് ലറ്റർ സഹിതം)
12. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (കവറിംങ് ലറ്റർ സഹിതം)
13. ഗവർണ്ണറുടെ സെക്രട്ടറി (കവറിംങ് ലറ്റർ സഹിതം)
14. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ജോയിൻറ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ
15. സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.
16. ഡയറക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം.
17. മുഖ്യമന്ത്രിയുടേയും മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
18. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
19. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
20. സെക്രട്ടറി, നിയമസഭ സെക്രട്ടറിയേറ്റ്
21. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് (കവറിംങ് ലറ്റർ സഹിതം)
22. സെക്രട്ടറി, ഓംബുഡ്സ്മാൻ, തിരുവനന്തപുരം
23. നോഡൽ ഓഫീസർ www.finance.kerala.gov.in
24. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Ranjit

സെക്ഷൻ ഓഫീസർ